# തിരിഞ്ഞുനോക്കുമ്പോൾ

കത്തോലിക്കാ സഭയുടെ പരമപ്രധാനമായ അടിസ്ഥാന ഘടകം കുടുംബങ്ങളാണെന്ന ഉത്തമബോദ്ധ്യത്തിൽ, അവയെ ഒറ്റക്കെട്ടായി നിലനിർത്തണം എന്ന വ്യക്തമായ കാഴ്ചപ്പാടോടെ, 1970 കളിൽ അന്നത്തെ തൃശ്ശൂർ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് രൂപതാ മെത്രാസന മന്ദിരം കേന്ദ്രീകരിച്ച് കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. പിതാവ് തുടങ്ങിവച്ച മാതൃക, രൂപതയിലെ ബഹു. വൈദികരും ഇടവക ജനങ്ങളും പൂർണ്ണ മനസ്സോടെ തന്നെ നെഞ്ചോടു ചേർക്കുകയും ആവേശപൂർവ്വം നടപ്പിൽ വരുത്തുകയും ചെയ്തു എന്നതിനു ചരിത്രം സാക്ഷി.

ഭാവിയിലെ സുവിശേഷ വൽക്കരണം ഗാർഹിക സഭയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞുവെക്കുന്നതിനു മുമ്പേ തന്നെ ഈ ആശയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്ന കുണ്ടുകുളം പിതാവ് കുടുംബപ്രേഷിത പ്രവർത്തനങ്ങൾക്ക് മാത്രമായി 1979 ൽ ഫാമിലി അപ്പൊസ്തൊലേറ്റ് സെന്റർ സ്ഥാപിച്ചു. അഭിവന്ദ്യ കുണ്ടുകുളം പിതാവിനുശേഷം മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സൗമ്യവും മൃദുലവുമായ ശൈലി കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധവും വളർച്ചയും നൽകി. തുടർന്ന്, അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഒരു പടി കൂടി കടന്ന് കുടുംബകൂട്ടായ്മകൾ ഇടവകയുടെ നട്ടെല്ലാണ് എന്ന ഉത്തമബോദ്ധ്യത്തിൽ, ഇടവക കുടുംബകൂട്ടായ്മയുടെ പ്രസക്തി വിപുലപ്പെടുത്തുന്നതിനായി ഭവനകൂട്ടായ്മകളും കുട്ടി കൂട്ടായ്മകളും

രൂപീകരിച്ചു. അംഗങ്ങൾ തമ്മിലും കുട്ടികൾക്കിടയിലും കൂടുതൽ ഊടുറ്റ ബന്ധങ്ങൾ വളർത്തുകയും അവരെ സഭാപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നവരാക്കി മാറ്റുകയുമായിരുന്നു ഇത്തരം കൂട്ടായ്മകളിലൂടെ പിതാവ് ലക്ഷ്യം വച്ചത്.